# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 19.10.2024**

## പ്രധാനവാർത്തകൾ

1. ത്രിരാഷ്ട്ര ആഫ്രിക്കൻ പര്യടനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ മടങ്ങിയെത്തും.

2. കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

3. വികസനവും ജനക്ഷേമവുമായി ബന്ധപ്പെട്ട സവാർത്തകൾ മാധ്യമങ്ങൾ കൂടുതലായി ഉൾപ്പെടുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. എ ഡി എം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് അന്വേഷണം ആരംഭിച്ചു. കണ്ണൂർ ജില്ലാ കലക്ടറുടെ മൊഴിയെടുത്തു.

5. ന്യൂസിലൻഡിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് പുരോഗമിക്കുന്നു.

***********************************

## രാഷ്ട്രപതി

ത്രിരാഷ്ട്ര ആഫ്രിക്കൻ പര്യടനം പൂർത്തിയാക്കി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ മടങ്ങിയെത്തും. അൾജീരിയ, മൗറിറ്റാനിയ, മലാവി എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിച്ചത്. ഇതാദ്യമായാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി ഈ മൂന്ന് ആഫ്രിക്കൻ രാജ്യങ്ങളും സന്ദർശിക്കുന്നത്. ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന കഴിഞ്ഞ ജി 20 ഉച്ചകോടിയിൽ ആഫ്രിക്കൻ യൂണിയന് സ്ഥിരം അംഗത്വം നൽകിയിരുന്നു.

************************************

## കർമ്മയോഗി സപ്താഹ്

കർമ്മയോഗി സപ്താഹ് -ദേശീയ പഠന വാരത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. കേന്ദ്ര സർക്കാർ സർവ്വീസിലേക്ക് പുതുതായി പ്രവേശിക്കുന്നവരുടെ കഴിവ് വികസിപ്പിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. 2020 സെപ്റ്റംബറിലാണ് കർമയോഗി ദൗത്യത്തിന് കേന്ദ്രസർക്കാർ തുടക്കം കുറിച്ചത്. ഇന്ത്യൻ സിവിൽ സർവീസിനെ ആഗോള കാഴ്ചപ്പാടുകൾക്ക് അധിഷ്ഠിതമായി ഭാവിയിലേക്ക് സന്നദ്ധമാക്കുകയാണ് പരിപാടിയുടെ ലക്ഷ്യം.

RNJU TVPM

************************************

## നിർമ്മല സീതാരാമൻ - മെക്സിക്കോ

ഇന്ത്യയും മെക്സിക്കോയും തമ്മിലുള്ള സഹകരണം വിശാലാധിഷ്ഠിതവും വിവിധ മേഖലകളെ ഉൾക്കൊള്ളാനാകുന്നതുമാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ. സാമ്പത്തിക സഹകരണം വർധിപ്പിക്കുന്നതിൽ ഇരു രാജ്യങ്ങൾക്കും വലിയ

സാധ്യതകളുണ്ടെന്ന് പറഞ്ഞ മന്ത്രി, ഫാർമ, മാനുഫാക്ചറിംഗ്, ഓട്ടോമോട്ടീവ് മേഖലകളിൽ ഇന്ത്യ വമ്പിച്ച അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്ന് വ്യക്തമാക്കി. മെക്സിക്കോ സിറ്റിയിൽ നടന്ന ഇന്ത്യ മെക്സിക്കോ വ്യാപാര- നിക്ഷേപ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു ധനമന്ത്രി.

************************************

## മുഖ്യമന്ത്രി - ഇൻട്രോ

വികസനത്തിന്റെയും ക്ഷേമത്തിന്റെയും വാർത്തകൾ മാധ്യമങ്ങൾ കൂടുതലായി ഉൾപ്പെടുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. KUWJ സംസ്ഥാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

ബ്രേക്കിംഗ് ന്യൂസ് സംസ്കാരം വാർത്താമാധ്യമങ്ങളെ അമിതമായി സ്വാധീനിക്കുന്നുണ്ടോയെന്ന് മാധ്യമമേഖലയിലുള്ളവർ പരിശോധിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

PRNU TVPM

************************************

## ഉപതിരഞ്ഞെടുപ്പ്

എൽ.ഡി.എഫ്, യു.ഡി.എഫ് സ്ഥാനാർഥി നിർണ്ണയം പൂർത്തിയായതോടെ പാലക്കാട് ജില്ലയിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. എൻ.ഡി.എ സ്ഥാനാർഥി പ്രഖ്യാപനവും ഇന്നുണ്ടാകുമെന്നാണ് സൂചന. ചേലക്കരയിൽ യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസ് , എൽഡിഎഫ് സ്ഥാനാർഥി യു.ആർ പ്രദീപ് എന്നിവർക്കൊപ്പം, എൻഡിഎ സ്ഥാനാർഥി പ്രഖ്യാപനം കൂടി

എത്തിക്കഴിഞ്ഞാൽ ചേലക്കര നിയോജക മണ്ഡലത്തിലെ ഉപതിരഞ്ഞെടുപ്പ് ചിത്രം കൂടുതൽ വ്യക്തമാകും.

*************************************

## കണ്ണൂർ - റവന്യൂ വകുപ്പ് അന്വേഷണം

എ ഡി എം, കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് അന്വേഷണം തുടങ്ങി. ലാൻഡ് റവന്യം ജോയിൻറ് കമ്മീഷണർ എ. ഗീതയുടെ നേതൃത്വത്തിലാണ് അന്വേഷണം. രാവിലെ കണ്ണൂരിലെത്തിയ ജോയിൻറ് കമ്മീഷണർ ജില്ലാ കലക്ടർ അരുൺ കെ വിജയനിൽ നിന്ന് മൊഴിയെടുത്തു.

*************************************

## കണ്ണൂർ കളക്ടർ

കണ്ണൂർ എഡിഎം കെ നവീൻ ബാബുവിന്റെ യാത്രയയപ്പ് ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന പി.പി.ദിവ്യയുടെ പ്രസംഗം തടയാതിരുന്നത് പ്രോട്ടോകോൾ പ്രകാരം ആണെന്ന് കണ്ണൂർ ജില്ലാ കലക്ടർ അരുൺ കെ വിജയൻ. പി.പി.ദിവ്യയെ ചടങ്ങിലേക്ക് ക്ഷണിച്ചിരുന്നില്ലെന്നും കളക്ടർ പറഞ്ഞു. പരിപാടി സംഘടിപ്പിച്ചത് സ്റ്റാഫ് കൗൺസിലാണെന്നും അന്വേഷണവുമായി പൂർണമായി സഹകരിക്കുമെന്നും കലക്ടർ പറഞ്ഞു. കളക്ടർ ക്ഷണിച്ചിട്ടാണ് യാത്രയയപ്പ് യോഗത്തിന് പോയതെന്ന് ദിവ്യ നേരത്തെ പ്രതികരിച്ചിരുന്നു.

*************************************

RNU TVPM

## തിരുവമ്പാടി - നോഡൽ ഓഫീസർ യോഗം

നവംബർ 13-ന് വയനാട് ലോക്സഭ മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പിനായുള്ള തയ്യാറെടുപ്പുകൾ വിലയിരുത്താനായി ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗിൻറെ അധ്യക്ഷതയി വിവിധ നോഡൽ ഓഫീസർമാരുടെ യോഗം ചേർന്നു. തിരഞ്ഞെടുപ്പിൻറെ സുഗമവും കുറ്റമറ്റതുമായ നടത്തിപ്പിനുള്ള തയ്യാറെടുപ്പുകൾ യോഗം വിലയിരുത്തി.

***********************************

## തിരുവമ്പാടി - കൺവെൻഷൻ

RNU TVPM

വയനാട് ലോക്സഭ മണ്ഡലം യുഡിഎഫ് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവമ്പാടി നിയോജകമണ്ഡലം കൺവെൻഷൻ ഉച്ചക്ക് ശേഷം തിരുവമ്പാടിയിൽ നടക്കും. പ്രതിപക്ഷനേതാവ് വി ഡി സതീശൻ, ഉപനേ താവ് പി കെ കുഞ്ഞാലിക്കുട്ടി ഉൾപ്പെടെയുള്ള UDF നേതാക്കൾ കൺവെൻഷനുകളിൽ പങ്കെടുക്കും. കൺവെൻഷനിൽ തെരഞ്ഞെടുപ്പ് കമ്മിറ്റികൾക്ക് രൂപം നൽകും.

***********************************

## പ്രധാനമന്ത്രി -റഷ്യ

16-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 22 മുതൽ റഷ്യ സന്ദർശിക്കും. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ പങ്കാളികളായ ഉച്ചകോടി, "സന്തുലിതമായ ആഗോള വികസനത്തിനു ബഹുമുഖ

ശാക്തീകരണം" എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് നടക്കുക. സന്ദർശന വേളയിൽ പ്രധാനമന്ത്രി ബ്രിക്സ് രാഷ്ട്ര നേതാക്കൾ ഉൾപ്പെടെയുള്ളവരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

**************************************

**കൊല്ലം - ഇൻട്രോ**

കൊല്ലം നഗരസഭാപരിധിയിലെ വളർത്തു നായ്ക്കൾക്ക് തിരിച്ചറിയലിനായി മൈക്രോചിപ്പിങ് സംവിധാനം നിലവിൽ വന്നു. കൊല്ലം നഗരസഭാ അങ്കണത്തിൽ മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം നിർവഹിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ....**

(വോയ്സ്)

**************************************

**ഹരിതപടക്കങ്ങൾ**

അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി, ദീപാവലി ആഘോഷങ്ങളിൽ പടക്കം പൊട്ടിക്കുന്നത് രാത്രി എട്ടു മുതൽ 10 വരെയും ക്രിസ്മസ്, പുതുവത്സരാഘോഷങ്ങളിൽ രാത്രി 11.55 മുതൽ പുലർച്ചെ 12.30 മാക്കി നിയന്ത്രിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശത്തിന്റെയും അടിസ്ഥാനത്തിലാണ് ഉത്തരവ്. ഹരിത പടക്കങ്ങൾ മാത്രമേ വിൽക്കുന്നുള്ളൂവെന്ന്

RNUTVPM

ഉറപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്കും ജില്ലാ പൊലീസ് മേധാവിമാർക്കും നിർദേശവും നൽകിയിട്ടുണ്ട്

************************************

മൻസുഖ് മാണ്ഡവ്യ

സായ് LNCPE-യിലെ നവീകരിച്ച ഗോൾഫ് കോഴ്സും, പുതുതായി നിർമ്മിച്ച പെൺകുട്ടികളുടെ ഹോസ്റ്റലും കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ നാളെ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന കായിക മന്ത്രി വി. അബ്ദു റഹിമാൻ, പത്മശ്രീ കെ. എം. ബീന മോൾ, ഖേൽ രത്ന ജേതാവ് പത്മിനി തോമസ് തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

************************************

ക്രിക്കറ്റ്

ന്യൂസിലൻഡിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് പുരോഗമിക്കുന്നു. നാലാം ദിനം ബാറ്റിങ് പുനരാരംഭിച്ചപ്പോൾ ഇന്ത്യൻ താരം സർഫറാസ് ഖാൻ അന്താരാഷ്ട്ര ക്രിക്കറ്റിലെ തന്റെ ആദ്യ സെഞ്ച്വറി സ്വന്തമാക്കി. 3 വിക്കറ്റ് നഷ്ടത്തിൽ 344 റൺസ് നേടിയ ഇന്ത്യ നിലവിൽ ന്യൂസീലൻഡിനെതിരെ 12 റൺസിന് പിന്നിലാണ്.

************************************

കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത ഒരാഴ്ച നേരിയ മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന്

RNU TVPM

വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യയുള്ളതിനാൽ കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

************************************

RNU TVPM

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 27 ന്. പരിപാടിയുടെ 115 ആം പതിപ്പാണിത്. പരിപാടിയിലേക്ക് പൊതുജനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും myGov ഓപ്പൺ ഫോറത്തിലൂടെയോ NaMo ആപ്പിലൂടെയോ പങ്കു വയ്ക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ വഴിയും ഈ മാസം 25 വരെ ആശയങ്ങളും അഭിപ്രായങ്ങളും അറിയിക്കാവുന്നതാണ്.

************************************

## പി എം ഇന്റേൺഷിപ്പ്

നൈപുണ്യ വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പി എം ഇന്റേൺഷിപ്പ് പദ്ധതിയിലേക്ക് യുവാക്കൾക്ക് ഈ മാസം 25 വരെ രജിസ്റ്റർ ചെയ്യാം. pminternship.mca.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ 21 നും 24 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ഒന്നേകാൽ ലക്ഷം ഇൻറേൺഷിപ്പ് അവസരങ്ങളാണ് ഈ സാമ്പത്തിക വർഷം സർക്കാർ ലക്ഷ്യമിടുന്നത്.

*************************************

## നാഷണൽ സ്കോളർഷിപ്പ്

2024-25 വർഷത്തേക്കുള്ള നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള സമയപരിധി സർക്കാർ ഈ മാസം 31 വരെ നീട്ടി. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ നിന്നുള്ള യോഗ്യരായ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ്. പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഈ പദ്ധതി വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു. ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം 12,000 രൂപയാണ് സ്കോളർഷിപ്പ്.

RNU TVPM

*******************************************************

*************************************

**********************